**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4090** **28-06-2024 - ൽ മറുപടിയ്ക്ക്**

**കേരളത്തിന്റെ ആരോഗ്യമേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ വി ശശി,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ ആരോഗ്യമേഖലയെ ദേശീയ ശ്രദ്ധയിൽ എത്തിച്ചത് ഗ്രാമതലംവരെ വ്യാപിച്ചുകിടക്കുന്ന സർക്കാർ ആശുപത്രികളും ആരോഗ്യകേന്ദ്രങ്ങളുമാണെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. Comprehensive Primary Health Care Services(Preventive, Promotive, Curative, Palliative, Rehabilitative) ഗ്രാമതലം വരെയുള്ള ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കി വരുന്നു. രോഗപ്രതിരോധ പ്രവർത്തനങ്ങളായ IEC, Immunization, Screening for Diseases, Vector control, Chemo, Prophylaxis and Family Planning എന്നീ പ്രവർത്തനങ്ങൾ ആരോഗ്യ മേഖലയിൽ നടപ്പിലാക്കി വരുന്നു.<br><br>കേരളത്തിൽ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആരോഗ്യ കേന്ദ്രങ്ങൾ വഴി മാതൃ-ശിശു സൗഹൃദ സേവനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഫലമായി കേരളത്തിലെ മാതൃ മരണ നിരക്കും, ശിശു മരണ നിരക്കും കുറഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ മാതൃ മരണ നിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനത്തിനുള്ള ബഹുമതി ഡിസംബർ 2022-ന് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽ നിന്നും കേരള സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി. 'എല്ലാവർക്കും ആരോഗ്യം' എന്ന ലക്ഷ്യം കൈവരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതലുള്ള ആശുപത്രികൾ കേരളത്തിൽ പ്രവർത്തിച്ചു വരുന്നു.<br><br>അധികാര വികേന്ദ്രീകരണത്തിലൂടെ പഞ്ചായത്തുകൾക്ക് വന്ന പ്രത്യേക അധികാരങ്ങളും, ആനുകൂല്യങ്ങളും ഓരോ പഞ്ചായത്തിലുമുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിന് കാരണമാവുകയും കൂടുതൽ ജനങ്ങൾക്കിടയിലേയ്ക്ക് |

| | | | |
|---|---|---|---|
| | | | ആരോഗ്യ സേവനങ്ങൾ എത്തിക്കുന്നതിന് സഹായകമാവുകയും ചെയ്തിട്ടുണ്ട്.<br><br>സമൂഹത്തിലെ എല്ലാ തട്ടുകളിലുമുള്ള ആളുകളിലേയ്ക്ക് ആരോഗ്യ പ്രവർത്തകർ എത്തുന്നത് സമൂഹത്തിലെ രോഗാതുരതയും മരണങ്ങളും കുറയ്ക്കുന്നതിനും സഹായകമായിട്ടുണ്ട്.<br><br>പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ കണ്ടെത്തുന്ന സങ്കീർണ്ണതകൾ ഉള്ള രോഗികളെയും, ദ്വിതീയ/ തൃതീയ തലത്തിലുള്ള ആശുപത്രികളിലേയ്ക്ക് റഫർ ചെയ്ത് കൃത്യസമയത്ത് ചികിത്സ നൽകാൻ കേരളത്തിലെ ആരോഗ്യ സംവിധാനത്തിന് സാധിക്കുന്നുണ്ട്.<br><br>ത്രിതീയ തലത്തിൽ ഏറ്റവും മികച്ച രീതിയിൽ ആരോഗ്യ രംഗത്ത് ചികിത്സ നൽകുന്ന സ്ഥാപനങ്ങളാണ് സർക്കാർ മേഖലയിലെ മെഡിക്കൽ കോളേജുകൾ. സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ രോഗികൾക്കായി മെഡിക്കൽ കോളേജുകൾ വഴി നൽകി വരുന്നു. സങ്കീർണ്ണമായ ശസ്ത്രക്രിയകൾ, രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള നൂതനമായ പരിശോധന സംവിധാനങ്ങൾ, ഐ.സി.യു, വെന്റിലേറ്റർ മുതലായ സേവനങ്ങൾ, മറ്റ് ബുദ്ധിമുട്ടേറിയ ചികിത്സകൾ എന്നിവ മെഡിക്കൽ കോളേജുകൾ വഴി നൽകി വരുന്നു. ആരോഗ്യ പ്രവർത്തകർക്കും, മെഡിക്കൽ വിദ്യാർത്ഥികൾക്കും മികച്ച പരിശീലനം നൽകുന്നത് വഴി ഗുണനിലവാരമുള്ള ഡോക്ടർമാരെയും ആരോഗ്യ പ്രവർത്തകരെയും വാർത്തെടുക്കാൻ സാധിക്കുന്നുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ നടപ്പാക്കിയ നിരവധി നൂതന പദ്ധതികളും നയപരമായ തീരുമാനങ്ങളും ആരോഗ്യമേഖലയെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ആർദ്രം മാനദണ്ഡമനുസരിച്ച് 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്തിട്ടുണ്ട്. ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി 2016 മുതൽ വിവിധ വിഭാഗങ്ങളിലായി 3725 തസ്തികകൾ സൃഷ്ടിച്ച് ആരോഗ്യ സേവന വകുപ്പിൽ മാത്രം നിയമനം നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനായി KFOG(kerala Federation of Obstetrics and Gynaecology)-യുടെ സാങ്കേതിക സഹകരണത്തോടെ ഒരു പദ്ധതി തയ്യാറാക്കി പ്രസവം നടക്കുന്ന ആശുപത്രികളിൽ ഇത് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഗൈനക്കോളജിസ്റ്റുകൾ, നഴ്സുമാർ, പ്രസവ മുറിയിൽ ജോലി ചെയ്യുന്ന മറ്റ് ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകി, മാതൃശിശു മരണനിരക്ക് കുറയ്ക്കുക എന്ന ഉദ്ദേശത്തോടുകൂടി ലക്ഷ്യ പദ്ധതി നടപ്പിലാക്കി. കൂടാതെ മാതൃമരണത്തിന്റെ കാരണം |

കണ്ടുപിടിക്കുന്നതിന് മാതൃമരണ ഓഡിറ്റ് നടപ്പിലാക്കി വരുന്നു. പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ശിശു സൗഹൃദ സേവനങ്ങൾ ഉറപ്പാക്കുക, എസ്.എൻ.സിയുകൾ, എൻ.ബി.എസ്സ്യുകൾ പ്രസവാനന്തര വാർഡുകൾ, പീഡിയാട്രിക്, ഒ.പി.ഡികൾ എന്നീ വിഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യത്തോടെ മുസ്കാൻ പദ്ധതി നടപ്പിലാക്കി. 15-59 വയസ്സുവരെയുള്ള സ്ത്രീകൾക്കും കുട്ടികൾക്കും വിളർച്ചയുണ്ടോ എന്ന് പരിശോധിച്ച് വേണ്ട ചികിത്സ നൽകുന്നതിനായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ജനകീയാരോഗ്യ കേന്ദ്രങ്ങളും വഴി 'വിവ' പദ്ധതി നടപ്പിലാക്കി.

മെഡിക്കൽ കോളേജുകളുടെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്നതിനായി Quality Improvement Programme 5 മെഡിക്കൽ കോളേജുകളിൽ നടപ്പിലാക്കി. കൂടാതെ ആശുപത്രികൾ ജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഇ-ഹെൽത്ത് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളുടെ ജനന വൈകല്യങ്ങൾ, വളർച്ചാ മാന്ദ്യങ്ങൾ, പോഷകാഹാരക്കുറവ്, മറ്റ് തെരഞ്ഞെടുത്ത ശിശു രോഗങ്ങൾ എന്നിവ നേരത്തെ കണ്ടെത്തുന്നതിനും സൗജന്യ ചികിത്സ നല്കുന്നതിനുമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ആർ.ബി.എസ്.കെ. ചൈൽഡ് ഹെൽത്ത് പ്രോഗ്രാമിന് കീഴിലുള്ള എല്ലാ സ്ക്രീനിംഗ്, ഫോളോഅപ്പ് പ്രവർത്തനങ്ങൾക്കു വേണ്ടി ആരംഭിച്ച പദ്ധതിയാണ് ശലഭം. കുട്ടികളിലെ ഹൃദ്രോഗം യഥാസമയം കണ്ടെത്തുന്നതിനും യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിനും വേണ്ടി ആരംഭിച്ച പദ്ധതിയാണ് ഹൃദ്യം.

ഓരോ നവജാതശിശുവിനും ജനന സമയത്തും ആദ്യത്തെ 48 മണിക്കൂർ ആരോഗ്യ കേന്ദ്രത്തിലും പിന്നീട് 15 മാസം വരെ വീട്ടിലും അവശ്യ സേവനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനുള്ള ഒരു തുടർ പരിചരണ സംവിധാനമാണ് ഫെസിലിറ്റി ബേസ്ഡ് നവജാതശിശു സംരക്ഷണം. അപൂർവ്വ രോഗങ്ങൾ കാരണം ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് രോഗങ്ങൾ പ്രതിരോധിക്കാനും, നേരത്തെ കണ്ടെത്താനും സംസ്ഥാനസർക്കാർ ഒരുക്കിയ ഒരു സമഗ്രപരിചരണ പദ്ധതിയാണ് KARE. സംസ്ഥാനത്തെ ആശുപത്രികളെ രോഗീ സൗഹൃദമാക്കുകയും ഗുണമേന്മയും സൗഹൃദപരമായുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിയ പദ്ധതിയാണ് ആർദ്രം. ജീവിതശൈലിരോഗ നിയന്ത്രണ പദ്ധതിയുടെ കീഴിൽ ജീവിതശൈലി രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമായി ജീവിതശൈലി രോഗനിയന്ത്രണ ക്ലിനിക്കുകൾ ശാക്തീകരിച്ചു വരുന്നു. ഡയബെറ്റിസ്, രക്താതിമർദ്ദം എന്നിവ നിയന്ത്രണ നിരക്കിൽ എത്തിക്കുന്നതിനുള്ള ഐ.എച്ച്.സി.ഐ എന്ന പരിപാടി 14 ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.<br><br>ഗവൺമെന്റ് ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് . മാതൃശിശു മരണ നിരക്ക് കുറയ്ക്കുക അതോടൊപ്പം തന്നെ ഗർഭിണികളായ സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും മികച്ച പരിചരണം ഉറപ്പാക്കുക എന്ന ഉദ്ദേശത്തോടെ ലക്ഷ്യ പദ്ധതി നടപ്പിലാക്കി. സർക്കാർ, സഹകരണ, സ്വകാര്യ മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങളെ ശിശു സൗഹൃദ ആശുപത്രികളായി സർട്ടിഫൈ ചെയ്യുന്ന പദ്ധതിയാണ് മദർ & ബേബി ഫ്രണ്ടിലി ഹോസ്പിറ്റൽ ഇനിഷിയേറ്റീവ്.<br><br>കൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട്, ആരോഗ്യ കിരണം പദ്ധതി, ശ്രുതി തരംഗം എന്നീ പദ്ധതികൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള അതിസങ്കീർണമായ അവയവമാറ്റ ശസ്ത്രക്രിയകൾ വരെ നടത്താവുന്ന രീതിയിൽ സർക്കാർ ആശുപത്രികളെ വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. കേരളത്തിൽ എറണാകുളം ജില്ലയിലെ ജനറൽ ആശുപത്രിയിൽ കരൾ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ ചെയ്യുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. 3 വൃക്കമാറ്റി വയ്ക്കൽ ശസ്ത്രക്രിയകൾ ഈ കാലയളവിൽ നടത്തുകയുണ്ടായിട്ടുണ്ട്.<br><br>കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ (Live) 1988 മുതൽ നടന്നു വരുന്നു. നിലവിൽ വർഷം തോറും ഏകദേശം 20 വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നു വരുന്നു. 2012 ൽ മരണാന്തര അവയവദാനം ആരംഭിച്ചു. റീജയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജിയിൽ അവയവമാറ്റ ശസ്ത്രക്രിയ (കോർണിയ ട്രാൻസ്പ്ലാന്റേഷൻ) സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ കരൾമാറ്റ ശസ്ത്രക്രിയ 2022 മുതൽ വിജയകരമായി നടത്തി വരുന്നു. ദാതാക്കൾ ലഭ്യമല്ലാത്ത കേസുകൾ |

| | | | |
|---|---|---|---|
| | | | മൃതസഞ്ജീവനിയിലേയ്ക്ക് ലിസ്റ്റ് ചെയ്യപ്പെടുന്നുണ്ട്. ഇത്തരത്തിൽ കേരളത്തിലെ സർക്കാർ മേഖലയിലെ മികച്ച കരൾമാറ്റ ശസ്ത്രക്രിയാ കേന്ദ്രമായി മാറാൻ കോട്ടയം ഗവ.മെഡിക്കൽ കോളേജിന് സാധിച്ചു.<br><br>കോട്ടയം മെഡിക്കൽ കോളേജിൽ കരൾമാറ്റിവയ്ക്കൽ കൂടാതെ വൃക്ക മാറ്റിവയ്ക്കൽ, ഹൃദയം മാറ്റിവയ്ക്കൽ, നേത്രപടലം മാറ്റിവയ്ക്കൽ എന്നീ ശസ്ത്രക്രിയകളും നടന്നു വരുന്നു.<br><br>കോഴിക്കോട് മെഡിക്കൽ കോളേജിൽ വൃക്ക മാറ്റിവയ്ക്കൽ, നേത്രപടലം മാറ്റിവയ്ക്കൽ എന്നിവയും, ആലപ്പുഴ മെഡിക്കൽ കോളേജിൽ വൃക്ക മാറ്റിക്കൽ ശസ്ത്രക്രിയയും, കോർണിയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടന്നു വരുന്നു. കണ്ണൂർ മെഡിക്കൽ കോളേജിൽ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ജനങ്ങളുടെ ആരോഗ്യവും ജീവനും സംരക്ഷിക്കുന്നതിന് നിലവിലെ സർക്കാർ നടത്തുന്ന ഇടപെടലുകളും നിയമനിർമ്മാണവും ദേശീയതലത്തിൽ പ്രശംസിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | രാജ്യത്ത് ആദ്യമായി കേരള സംസ്ഥാനം കോഡ് ഗ്രേയ് പ്രോട്ടോക്കോൾ തയ്യാറാക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുകയുണ്ടായി. നിയമം 2023 ൽ ഭേദഗതി വരുത്തിയിട്ടുണ്ട്.<br><br>2023-ൽ നിലവിൽ വന്ന കേരള പൊതുജനാരോഗ്യ നിയമം വർദ്ധിച്ചുവരുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങളെ നേരിടാൻ സഹായിക്കുന്നതും, ഏകാരോഗ്യ സമീപനത്തിൽ ഊന്നിയുള്ളതുമാണ്.<br><br>2023-ൽ തന്നെ കേരള ആരോഗ്യ രക്ഷാ സേവന പ്രവർത്തകരും ആരോഗ്യ രക്ഷാ സേവന സ്ഥാപനങ്ങളും സംരക്ഷണ ഭേദഗതി നിയമം നടപ്പിലാക്കിയത് വഴി ആശുപത്രികളിലെ ജീവനക്കാരുടെയും രോഗികളുടെയും സുരക്ഷിതത്വം മെച്ചപ്പെട്ട രീതിയിൽ ഉറപ്പാക്കാൻ കഴിയുന്നുണ്ട്.<br><br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിജയകരമായി നടപ്പിലാക്കിയ ആർദ്രം പദ്ധതിയെ പരിഷ്കരിച്ച് അതിന്റെ രണ്ടാം ഘട്ടത്തിലേയ്ക്ക് താഴെ പറയുന്ന പുതിയ പത്ത് പ്രവർത്തന മേഖലകളെ ഉൾപ്പെടുത്തിയിട്ടുണ്ട് .<br><br>(1) തെരഞ്ഞെടുത്ത രോഗങ്ങളുടെ ഉന്മൂലനം<br><br>(2) ജില്ലാ കാൻസർ നിയന്ത്രണ പരിപാടി<br><br>(3) രോഗ നിർണ്ണയത്തിനുള്ള ഹബ് & സ്പോക്ക് ശൃംഖല<br><br>(4) വാർഷിക ആരോഗ്യ പരിശോധന |

| | | | |
|---|---|---|---|
| | | | (5)ആരോഗ്യകരമായ ജീവിതത്തിൽ ഊന്നിയുള്ള ക്യാംമ്പയിൻ<br><br>(6) സംയോജിത വൈദ്യശാസ്ത്രവും ഗവേഷണവും<br><br>(7) ആർദ്രം 1 ന്റെ ഭാഗമായി ബാക്കിയുള്ള പ്രവർത്തനങ്ങളുടെ പൂർത്തീകരണം<br><br>(8) പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക (ഉദാ: ഐസൊലേഷൻ വാർഡുകൾ)<br><br>(9) ഏകാരോഗ്യ പദ്ധതി<br><br>(10) വയോജന സാന്ത്വന പരിചരണം എന്നിവയാണ്. |

സെക്ഷൻ ഓഫീസർ